# Fourth India-France Bilateral Cyber Dialogue

October 13, 2021

## നാലാമത് ഇന്ത്യ -ഫ്രാൻസ് ഉഭയകക്ഷി സൈബർ സംഭാഷണം

ഒക്ടോബർ 13, 2021

നാലാമത്തെ ഇന്ത്യ-ഫ്രാൻസ് ഉഭയകക്ഷി സൈബർ ഡയലോഗ് 2021 ഒക്ടോബർ 13-ന് വെർച്വൽ മോഡിൽ നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (സൈബർ ഡിപ്ലോമസി) ശ്രീ അതുൽ മൽഹാരി ഗോട്സർവെയും. ഫ്രഞ്ച് പ്രതിനിധി സംഘത്തെ ഫ്രാൻസിലെ യൂറോപ്യൻ, വിദേശകാര്യ മന്ത്രാലയത്തിലെ ഡിജിറ്റൽ അഫയേഴ്സ് അംബാസഡർ ഹെൻറി വെറൈഡറും നയിച്ചു. ഇരു രാജ്യങ്ങളിലെയും ബന്ധപ്പെട്ട സർക്കാർ മന്ത്രാലയങ്ങൾ, ഏജൻസികൾ, വകുപ്പുകൾ എന്നിവയിലെ ഉദ്യോഗസ്ഥർ സൈബർ ഡയലോഗിൽ പങ്കെടുത്തു.

2. സൈബർ സ്പേസിൽ നിലവിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ വശങ്ങൾ സൈബർ ഡയലോഗ് ചർച്ച ചെയ്തു,കൂടാതെ യോഗത്തിൽ സൈബർ വിഷയങ്ങളിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെ കുറിച്ച് ഉഭയകക്ഷി, പ്രാദേശിക, ബഹുമുഖ വേദികളിൽ തങ്ങളുടെ വീക്ഷണങ്ങൾ കൈമാറുകയും  സൈബർ സഹകരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള സംരംഭങ്ങൾ പര്യവേക്ഷണം ചെയ്യുകയും ചെയ്തു.

3. പരസ്പര പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ പ്രതിനിധികൾ ചർച്ച നടത്തുകയും സൈബർ സുരക്ഷ, സൈബർ കുറ്റകൃത്യം, ശേഷി വികസനം എന്നീ മേഖലകളിൽ പരസ്പരം സഹകരണത്തോടെ പ്രവർത്തിക്കാൻ സമ്മതിക്കുകയും ചെയ്തു.

**ന്യൂ ഡെൽഹി**
**ഒക്ടോബർ 13, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.